**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 472** **08-06-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷി, പച്ചക്കറി കൃഷി, ജൈവകൃഷി എന്നിവയുടെ പ്രോത്സാഹനത്തിനായി സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | നെൽകൃഷി, പച്ചക്കറി കൃഷി, ജൈവകൃഷി എന്നിവയുടെ പ്രോത്സാഹനത്തിനായി വാർഷിക പദ്ധതിയിലുൾപ്പെടുത്തി സഹകരണ വകുപ്പ മുഖേന സഹകരണ സംഘങ്ങൾക്ക് താഴെപ്പറയുന്ന ധനസഹായങ്ങൾ അനുവദിച്ച വരുന്നു. 1. നെൽകൃഷിയ്ക്ക് വായ്പ കൊടുക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം. 2. സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പാ നൽകുന്ന പി.എ.സി.എസ്./ എഫ്.എസ്.സി.ബി./ എഫ്.എസ്.സി.എസ്. ന് ലഭ്യമാകുന്ന പ്രോത്സാഹന സഹായം. ഇത്തരം ലോണുകൾക്ക് ഈടാക്കുന്ന പലിശ ഒരു കാരണവശാലും സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ കൂടുതലാകുവാൻ പാടില്ലാത്തതാണ്. 3. കഴിഞ്ഞ വർഷം നൽകിയ മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘത്തിനും ഗ്രാന്റായി പരമാവധി 25000.00 രൂപ അനുവദിക്കുന്നതാണ്. 4. കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റ്, അതിന്റെ വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് അത്രയും തുക. 5. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽകർഷകർക്ക് പലിശരഹിത വായ്പ അനുവദിക്കുന്നതിനായുള്ള കോർപ്പസ് ഫണ്ടിലേക്കാവശ്യമായ സഹായം. പലിശ സബ്സിഡി നൽകുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നത്. 6. എൻ.എ.ഐ.എസ്/ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ |

നെൽകൃഷിക്കായി കർഷകന് നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന ഇൻഷ്വറൻസ് പ്രീമിയം തുക തിരിച്ച നൽകുന്നതിനുള്ള വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 7. ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും, ഹരിതഭവനങ്ങൾ സ്ഥാപിക്കുന്നതിനും മറ്റുമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും സഹായം നൽകുന്നു. കേരള ഹോർട്ടികൾച്ചർ മിഷന്റെ/കൃഷി വകുപ്പിന്റെയും സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. 8. സ്വയം സഹായ സംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഓഹരികളായോ സബ്സിഡിയായോ പ്രാഥമിക കാർഷിക സംഘങ്ങൾക്ക് സഹായം. 9. കാർഷിക വികസന സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി പരമാവധി 50,000.00 രൂപ വീതം നൽകുന്നതിനുള്ള സഹായം 10. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുക, കാർഷിക വായ്പ, പലിശ നിരക്ക്, കടം ഒഴിവാക്കൽ പദ്ധതി തുടങ്ങിയവയെ സംബന്ധിച്ച് കർഷർക്ക് വിവരങ്ങൾ നൽകുക, ബ്ലോക്ക് തലത്തിൽ കാർഷിക മേഖലയുടെ യന്ത്രവൽക്കരണ ത്തിന്റെ ഒരു കേന്ദ്രമായി പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും ധനസഹായം നൽകിവരുന്നു. 11. കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുത്തു കൊണ്ട് നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിൽ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂയർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (പാപ്കോസ്) എന്ന സഹകരണ സംഘം രൂപീകരിക്കുകയും ടി സംഘത്തിന്റെ അധീനതയിൽ 27.66 ഏക്കർ ഭൂമി വാങ്ങുകയും 200 മെട്രിക് ടൺ കപ്പാസിറ്റിയുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണ പ്രാപ്തിയിൽ എത്തുമ്പോൾ നെല്ല് സംഭരണ, സംസ്കരണ, വിപണന മേഖലയിൽ കാര്യക്ഷമമായ ഇടപെടൽ

| | | | |
|---|---|---|---|
| | | | നടത്തുന്നതിനും, നെല്ല് കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് നെൽകർഷകരെ സഹായിക്കുന്നതിനും ആയത് വഴി കാർഷിക രംഗത്ത് മികച്ച പ്രവർത്തനം നടത്തുവാനും കഴിയുന്നതാണ്. 12. പി.എ.സി.എസ്. വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം സംസ്കരണം വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷൻ കേന്ദ്രങ്ങളിലും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമുള്ള ധനസഹായം എന്നീ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനും 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 13. സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതം സഹകരണം പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ മുഖേന 3189 ഏക്കർ ഭൂമി കൃഷിയോഗ്യമാക്കാനും 1838 മാതൃകാ കൃഷി തോട്ടങ്ങൾ ആരംഭിക്കുവാനും സാധിച്ചിട്ടുണ്ട്. 14. കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് & വെജിറ്റബിൾസ് എന്ന പേരിൽ കേരളത്തിലെ 16 ഇനം കാർഷിക വിളകൾക്ക് അടിസ്ഥാന വില നിശ്ചയിച്ചുകൊണ്ടും പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചുകൊണ്ടുമുള്ള കാർഷിക വകുപ്പിന്റെ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ 72/2020 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന സംസ്ഥാന വ്യാപകമായി Co-op Mart – Veg Fresh എന്ന പേരിൽ പച്ചക്കറികൾ പ്രാദേശിക കർഷകരിൽ നിന്നും ശേഖരിച്ച് കാർഷികോൽപ്പാദന സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചു വഴി കർഷകർക്ക് മികച്ച വില ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ